## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം
## നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ - 494
## 01.07.2014-ലെ മറുപടിക്ക്

### ട്രഷറി നിക്ഷേപം ബാങ്കുകളിലേയ്ക്ക് മാറ്റാൻ അനുമതി നൽകിയ നടപടി

| | ചോദ്യം | ഉത്തരം |
|---|---|---|
| | ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ<br>ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>ശ്രീ. ബാബു എം. പാലിശ്ശേരി<br>ഡോ. കെ.ടി. ജലീൽ | ബഹു: ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി<br>ശ്രീ. കെ.എം. മാണി |
| (എ) | ട്രഷറികളിൽ നിക്ഷേപമായി കിടന്നിരുന്ന ക്ഷേമനിധി ബോർഡുകളിലേയും മറ്റ് പൊതുമേഖല / സ്വയംഭരണ സ്ഥാപനങ്ങളിലെയും ഫണ്ടുകൾ ട്രഷറികളിൽ നിന്ന് മാറ്റി ബാങ്കുകളിൽ നിക്ഷേപിക്കുന്നതിന് അനുമതി നൽകിയത് പുന:പരിശോധിക്കണമെന്ന് വിവിധ മേഖലകളിൽ നിന്ന് ആവശ്യപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | കേന്ദ്രസർക്കാരിൽ നിന്നുള്ള നിർദ്ദേശങ്ങൾക്ക് അനുസൃതമായി സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള സ്വയംഭരണ/statutory സ്ഥാപനങ്ങൾക്ക് സർക്കാരിൽ നിന്നുള്ള ധനസഹായവും അവരുടെ തനതു ഫണ്ടുകളും കൈകാര്യം ചെയ്യുന്നതിന് ICICI ബാങ്ക്, HDFC ബാങ്ക്, AXIS ബാങ്ക്, എന്നീ സ്വകാര്യ ബാങ്കുകളുടെ കൂടി സേവനം ഉപയോഗപ്പെടുത്തുന്നതിന് 15.9.11-ലെ G.O (Rt) No.7013/11/Fin പ്രകാരം സർക്കാർ അനുമതി നൽകിയിരുന്നു. എന്നാൽ 27.3.14 -ലെ 31/2014/Fin സർക്കുലറിന്റെ ഖണ്ഡിക (ii) പ്രകാരം വാണിജ്യ ബാങ്കുകളിൽ നിക്ഷേപിച്ചിട്ടുള്ള സർക്കാർ ഫണ്ട് തിരികെ സർക്കാരിലേയ്ക്ക് തിരിച്ചടയ്ക്കേണ്ടതാണെന്ന് കൺട്രോളിംഗ് ഓഫീസർ, വകുപ്പ് മേധാവികൾ, Drawing and Disbursing Officers എന്നിവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇക്കാര്യത്തിൽ നിലപാട് വ്യക്തമാക്കാമോ; | |
| (സി) | ഇത്തരം ഫണ്ടുകൾ ട്രഷറികളിൽ നിന്നും ബാങ്കുകളിലേയ്ക്ക് മാറ്റുന്നതിന് അനുമതി നൽകിയത് വഴി സാമ്പത്തിക പ്രതിസന്ധി ഉണ്ടായിട്ടുണ്ടോ; | ഇക്കാരണം കൊണ്ട് സാമ്പത്തിക പ്രതിസന്ധി ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | ഇത്തരത്തിലുള്ള ഫണ്ടുകൾ ട്രഷറികളിലേയ്ക്ക് തിരികെ മാറ്റുന്നതിന് ഉത്തരവ് പുറപ്പെടുവിക്കാതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ? | ക്ഷേമനിധി ബോർഡുകൾക്കും പൊതുമേഖലാ /സ്വയംഭരണ സ്ഥാപനങ്ങൾക്കും സർക്കാർ നൽകുന്ന ഫണ്ടുകൾ ട്രഷറിയിൽതന്നെ നിക്ഷേപിക്കണമെന്നാണ് സർക്കാർ കാലാകാല |

| | | |
|---|---|---|
| | | ങ്ങളിൽ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുള്ളത്. പൊതുമേഖലാസ്ഥാപനങ്ങൾ അവരുടെ തനത് ഫണ്ട് ട്രഷറിയിലെ പലിശയേക്കാൾ കൂടുതൽ ലഭിക്കുന്ന സാഹചര്യത്തിൽ മാത്രമേ ബാങ്കുകളിൽ നിക്ഷേപിക്കാവൂ എന്നും നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്<br>ബാങ്കിൽ നിക്ഷേപിച്ചിട്ടുള്ള സർക്കാർ ധനസഹായങ്ങളും ഫണ്ടുകളും തിരികെ ട്രഷറിയിൽ നിക്ഷേപിക്കണമെന്ന് കർശന നിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. (സർക്കുലർ 31/2014/Fin dated 27.3.2014). സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി ഫണ്ടുകൾ ബാങ്കിൽ നിക്ഷേപിക്കുന്നത് കണ്ടെത്താനായി ധനകാര്യ പരിശോധനാ വിഭാഗത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

അക്കൗണ്ട്സ് ഓഫീസർ